കരവാരം പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

871. [1085] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്കതിർത്തിയിൽപ്പെട്ട കരവാരം പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) കരവാരം പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

മടവൂർ പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

872. [1086] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്കതിർത്തിയിൽ ഉള്ള മടവൂർ പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര :

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി മടവൂർ പഞ്ചായത്തിൽ റോഡുകൾ നിർമ്മിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പഴയകുന്നുമ്മേൽ പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

873. [1087] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്കതിർത്തിയിൽപ്പെട്ട പഴയകുന്നുമ്മേൽ പഞ്ചായത്തിൽ ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഒരു റോഡ് പണി പൂർത്തിയായിട്ടില്ല.

(ബി) മാവുവിള–ഇടമുറി–കരിയ്ക്കകം റോഡ് പണി പൂർത്തിയായിട്ടില്ല)

(സി) ഇതുവരെ മൊത്തം 45,000 ക ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly